കേരള കാർഷികസർവകലാശാല
കാർഷിക കോളേജ്,വെള്ളാനിക്കര , തൃശൂർ - 680656
ഫോൺ: (0487)-243830;(0487)-2438302 ഇ-മെയിൽ:dean.coavka@kau.in

നം. COAVKA/5912/2024-G2 തീയതി. വെള്ളാനിക്കര, 10-10-2024

## കൊട്ടേഷൻ / ലേല പരസ്യം

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര, കാർഷിക കോളേജിലെ അക്കാദമിക് ബ്ലോക്ക് 1 ന് പുറകിൽ ആഹാര ക്യാന്റീന് സമീപത്തായി നിന്നിരുന്ന കുന്നി വാക മരത്തിന്റെ മുറിച്ചിട്ട തടികൾ **18.10.2024 ന് രാവിലെ 11.30** മണിക്ക് പരസ്യമായി ലേലം ചെയ്തും ക്വട്ടേഷൻ സ്വീകരിച്ചും വിൽക്കുന്നതാണ്.

**നിബന്ധനകൾ**

1). ലേലത്തിൽ/ക്വട്ടേഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം രാവിലെ 11.30 മണിക്കു മുമ്പായി ₹500/-രൂപ (അഞ്ഞൂറ് രൂപ മാത്രം) നിരതദ്രവ്യം ഓഫീസിൽ കെട്ടിവെയ്ക്കേണ്ടതാണ്. ക്വട്ടേഷൻ നൽകുന്നവർ ലേല ദിവസം രാവിലെ 11.30 മണിക്കു മുമ്പായി ക്വട്ടേഷനുകൾ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

2). ലേലത്തിൽ ഏറ്റവും കൂടുതൽ സംഖ്യയ്ക്കു വിളിക്കുന്ന ആളുടെ പേരിലോ ലേലത്തിനു ശേഷം തുറക്കുന്ന ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുക കാണിച്ചിരിക്കുന്ന വ്യക്തിയുടെ പേരിലോ ലേലം/ക്വട്ടേഷൻ ഉറപ്പിക്കുന്നതും ടിയാൻ ലേലം/ക്വട്ടേഷൻ തുകയുടെ 1/3 ഭാഗം അന്നേ ദിവസം തന്നെ ഓഫീസിൽ അടയ്ക്കേണ്ടതും ബാക്കിതുക 7 ദിവസത്തിനകം അടച്ച് തടികൾ നീക്കം ചെയ്യാനുള്ള അനുവാദം വാങ്ങേണ്ടതുമാണ്.

3). തടികൾ നീക്കം ചെയ്യാനുള്ള അനുവാദം ലഭിച്ച് 10 ദിവസത്തിനകം കോളേജിലെ വസ്തുതുവകകൾക്ക് കേടുപാടുകൾ കൂടാതെ തടികൾ അതുമായി ബന്ധപ്പെട്ട വിറകുകൾ ഉൾപ്പടെ മാറ്റി കോളേജ് ക്യാമ്പസിൽ നിന്നും കൊണ്ട് പോകേണ്ടതാണ്. അല്ലാത്ത പക്ഷം കോളേജിനുവരുന്ന നഷ്ടത്തിന് നിയമ വിധേയമായ നടപടികളും പിഴ പലിശയും ഈടാക്കുന്നതായിരിയ്ക്കും.

4). ലേല സംഖ്യക്കു പുറമെ ബാധകമായ ചരക്ക് സേവന നികുതിയും (ജി.എസ്.ടി), ലേലസംഖ്യയുടെ 5% വനവികസന നികുതിയും ബാധകമായ ആദായനികുതിയും ലേലം/ക്വട്ടേഷൻ പിടിച്ച ആൾ അടയ്ക്കേണ്ടതാണ്.

5). ലേലം ഉറപ്പിക്കുവാനോ മാറ്റിവെയ്ക്കുവാനോ ഉള്ള എല്ലാ അധികാരങ്ങളും ഈ കേന്ദ്രത്തിലെ മേധാവിയിൽ നിക്ഷിപ്തമാണ്.

6). ലേലം ചെയ്യാൻ ഉദ്ദേശിക്കുന്ന തടികൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും പ്രവർത്തി

സമയങ്ങളിൽ കോളേജ് ക്യാമ്പസിൽ വന്ന് പരിശോധിക്കാവുന്നതാണ്. ലേല സംബന്ധമായ കൂടുതൽ വിവരങ്ങൾക്ക് ഫാം സൂപ്രണ്ടുമായി ബന്ധപ്പെടാവുന്നതാണ്.

(മൊബൈൽ നമ്പർ: 9447442196)

7). നിശ്ചിത തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

8). ലേലം/ക്വട്ടേഷൻ സംബന്ധിച്ചുള്ള ഡീനിന്റെ തീരുമാനം അന്തിമമായിരിക്കും.

9). ക്വട്ടേഷനിൽ പങ്കെടുക്കുവാൻ എത്തുന്നവർ നിർബന്ധമായും തിരിച്ചറിയൽ രേഖയും പാൻകർഡും കയ്യിൽ സൂക്ഷിക്കേണ്ടതാണ്.

10). കേരള സർക്കാരിന്റെ എല്ലാ ലേലം/ക്വട്ടേഷൻ നിയമങ്ങളും ഇതിൽ ബാധകമായിരിക്കും.

COLLEGE OF AGRICULTURE, VELLANIKKARA
THRISSUR - 680 656
Date.................
KERALA AGRICULTURAL UNIVERSITY, K.A.U. (P.O.)

**Mani Chellappan**

**DEAN**

പകർപ്പ്:

(1) കോളേജ് നോട്ടീസ് ബോർഡ്

(2) മാടക്കത്തറ പഞ്ചായത്ത്

(3) ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്

(4) വിവിധ വകുപ്പുകൾ, കാർഷിക കോളേജ്, വെള്ളാനിക്കര

(5) ലേബർ മാനേജ്മെന്റ് സെൽ, കാർഷിക കോളേജ്, വെള്ളാനിക്കര